"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുക്കം നഗരസഭ - 2023-24 വർഷത്തെ വിവിധ മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1016/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:- (1) കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2024-ലെ കത്ത്.

(2) മുക്കം നഗരസഭാ സെക്രട്ടറിയുടെ 03.12.2024, 10.02.2025 തീയതികളിലെ H1/14656/23 നമ്പർ കത്തുകൾ.

(3) 27.03.2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.34-നമ്പർ തീരുമാനം.

**ഉത്തരവ്**

മുക്കം നഗരസഭ 2023-24 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോ മുഖേന നടപ്പാക്കിയിരുന്നു. ലിമിറ്റഡ് ടെണ്ടർ / ഓഫർ വിളിക്കാതെ നേരിട്ട് റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏർപ്പിച്ചിരുന്നതിനാൽ ബിൽ തുക നൽകിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ബിൽ തുക |
|---|---|---|---|
| 1 | 55/24 | ബയോഗ്യാസ് പ്ലാന്റ് | 2,24,900 |
| 2 | 71/24 | ബയോബിൻ - ജൈവ മാലിന്യ സംസ്കരണം വീട്ടുവളപ്പിൽ | 1,75,500 |
| 3 | 59/24 | റിംഗ് കമ്പോസ്റ്റ് | 7,99,200 |
| 4 | 342/24 | ബയോഗ്യാസ് പ്ലാന്റ് | 3,37,500 |

(2) റെയ്ഡ്കോയെ പ്രവൃത്തി ഏർപ്പിച്ചതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച വിഷയം പരാമർശം (3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും, തീരുമാനം നമ്പർ 4.34 പ്രകാരം, ശുചിത്വ മേഖലയിലാണെന്നത് പരിഗണിച്ചും ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെയും സാധൂകരണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുക്കം നഗരസഭയുടെ 2023-24

വർഷത്തെ ടി പ്രോജക്ടുകൾ ടെണ്ടർ / ഓഫർ വിളിക്കാതെ റെയ്ഡ്കോ മുഖേന നടപ്പാക്കിയത് ശുചിത്വ മേഖലയിലാണെന്നത് പരിഗണിച്ചും ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
സെക്രട്ടറി, മുക്കം നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 23-04-2025 14:15:16
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.